## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3513 — 22/08/2017-ൽ മറുപടിക്ക്

**മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് നടപടി**

| ചോദ്യം. | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ കുറവ് ആരോഗ്യമേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നത് ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(ബി) സ്പെഷ്യാലിറ്റി ഡോക്ടർമാർക്ക് പകരം എം.ബി.ബി.എസ് യോഗ്യതയുള്ളവരെ നിയമിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ കുറവ് പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ല. യോഗ്യതയില്ലാത്തവരെ ഒരു പോസ്റ്റിലും നിയമിച്ചിട്ടില്ല. |
| (സി) എങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) സൂപ്പർ സ്പെഷ്യാലിറ്റിയിലെ വിവിധ വിഭാഗങ്ങളായ കാർഡിയോ വാസ്കുലർ & തൊറാസിക് സർജറി, യൂറോളജി, പീഡിയാട്രിക് ന്യൂറോളജി എന്നിവയിൽ നിയമനത്തിനായുള്ള റാങ്ക് പട്ടിക നിലവിലുണ്ട്. കാർഡിയോളജി, നെഫ്രോളജി വിഭാഗങ്ങളിലെ നിയമനങ്ങൾക്കായുള്ള ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുകയും ന്യൂറോളജി വിഭാഗത്തിലെ നിയമനത്തിനായുള്ള ഓൺലൈൻ പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്. ഗാസ്ട്രോ എന്ററോളജി, പീഡിയാട്രിക് സർജറി എന്നിവയിലെ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സർജിക്കൽ ഗാസ്ട്രോ എൻട്രോളജി വിഭാഗത്തിലെ നിയമനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ച് ഈ വിഭാഗത്തിലേയും ഒഴിവുകൾ നികത്തുന്നതിനായുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ